# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5515** **25.10.11-ൽ മറുപടിക്ക്**

**എ.ഡി.ബി.യുടെ ധനസഹായത്തോടെ കണ്ണൂർ ജില്ലയിലെ റോഡുകളുടെ പുനരുദ്ധാരണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ഇ.പി. ജയരാജൻ : | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) | ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ ധനസഹായത്തോടെ സംസ്ഥാനത്തെ 1000 കിലോമീറ്റർ റോഡുകൾ അന്തർദേശീയ നിലവാരത്തിലേക്കുയർത്തുന്നതിന് എത്ര രൂപയുടെ പദ്ധതിയാണ് ആവിഷ്ക്കരിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ ; | (എ) | പദ്ധതിയ്ക്ക് ഏകദേശം 5100 കോടി രൂപ വരുമെന്നാണ് പ്രാഥമികമായി കണക്കാക്കപ്പെട്ടിരിക്കുന്നത്, വിശദമായ പഠനത്തിനു ശേഷം മാത്രമേ തുക തിട്ടപ്പെടുത്തുവാൻ സാധിക്കുകയുളളു.. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് ഏത് വിഭാഗത്തിൽപ്പെട്ട റോഡുകളാണെന്നും അതിന് നിശ്ചയിച്ചിട്ടുളള മാനദണ്ഡങ്ങൾ എന്തെന്നും വ്യക്തമാക്കുമോ ; | (ബി) | പ്രസ്തുത റോഡ് വികസന പദ്ധതിയിൽ പരിഗണിക്കുന്നതിന് സ്റ്റേറ്റ് ഹൈവേകളും പ്രധാന എം.ഡി.ആർ റോഡുകളും ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. റോഡുകളിൽ കൂടി പോകുന്ന ഗതാഗതത്തിന്റെ അളവ്, ദേശീയ പാത മുതലായ പ്രധാന പാതയിലേക്കുളള കണക്റ്റിവിറ്റി, പിന്നോക്ക പ്രദേശങ്ങൾ, വിനോദ സഞ്ചാര വ്യവസായ മേഖലകളിലേക്കുളള ലിങ്കേജുകൾ മുതലായ മാനദണ്ഡങ്ങൾക്കനുസൃതമായിട്ടാണ് റോഡുകൾ തിരഞ്ഞെടുക്കുന്നത്. |
| (സി) | കണ്ണൂർ ജില്ലയിലെ ഏതെല്ലാം റോഡുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുളളതെന്നും എത്ര കിലോമീറ്റർ റോഡ് ഈ പദ്ധതിയിൽ ഉൾപ്പെടുമെന്നും വ്യക്തമാക്കുമോ ; | (സി) | റോഡുകളുടെ അന്തിമ പട്ടിക തയ്യാറാക്കിയിട്ടില്ല. |

(ഡി) പ്രസ്തുത പദ്ധതിയുടെ ഫണ്ട് എപ്പോൾ ലഭ്യമാകുമെന്നും ആദ്യ-ഘട്ടം എപ്പോൾ ആരംഭിക്കുമെന്നും പദ്ധതി എപ്പോൾ പൂർത്തീകരി-ക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ പ്രാരംഭ നടപടികൾക്കും ഭൂമി ഏറ്റെടുക്കലിന്റെ ആദ്യ ഘട്ടത്തിനുമായി 200 കോടി രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി പ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന റോഡുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയതിന് ശേഷം ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭി-ക്കുന്നതാണ്. ആദ്യഘട്ട പ്രവർത്ത-നങ്ങൾ ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കുവാൻ ഉദ്ദേശി-ക്കുന്നു.

(ഇ) പൊതുമരാമത്ത് വകുപ്പിൽ പ്രസ്തുത പദ്ധതി നടത്തിപ്പിനും നോട്ടത്തിനുമായി പ്രത്യേക സംവി-ധാനം രൂപീകരിച്ചിട്ടുണ്ടോയെന്നും ആയതിന്റെ ഘടന എന്തെന്നും വ്യക്തമാക്കുമോ ?

(ഇ) പ്രസ്തുത പദ്ധതിയുടെ നടത്തി-പ്പിനും മേൽനോട്ടത്തിനുമായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.. സംസ്ഥാന സർക്കാരിന്റെ 51% ഓഹരിയും കേരള റോഡ് ഫണ്ട് ബോർഡിന്റെ 49% ഓഹരിയും മൂലധനമായിട്ടുള്ള സ്പെഷ്യൽ പർപസ് വെഹിക്കിളാണ് (SPV) രൂപീകരിക്കുന്നത്. കമ്പനിയുടെ മൊത്തം ഓഹരിമൂലധനം 50 ലക്ഷം രൂപയും പ്രാഥമികമായി അടച്ചു തീർക്കുന്ന മൂലധനം 5 ലക്ഷം രൂപയും ആയിരിക്കും.

സെക്ഷൻ ഓഫീസർ